"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആശാവർക്കർമാർക്ക് ഹോണറേറിയം തുക പൂർണമായും ലഭിക്കുന്നതിന് പെർഫോമൻസ് ഇൻസെന്റീവിൽ നിശ്ചയിച്ചിരുന്ന മാനദണ്ഡം ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യു.) വകുപ്പ്**

സ.ഉ.(സാധാ) നം.2544/2026/H&FWD തീയതി,തിരുവനന്തപുരം, 04-08-2026

പരാമർശം:-
1. 12.03.2025-ലെ സ.ഉ. (സാധാ)നം.736/2025/H&FWD
2. 29.06.2026-ലെ സ.ഉ.(സാധാ)നം.2156/2026/H&FWD
3. കേരള സ്റ്റേറ്റ് ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 06.07.2026-ലെ അപേക്ഷ.

**ഉത്തരവ്**

സംസ്ഥാനത്ത് ദേശീയ ആരോഗ്യ ദൗത്യത്തിന് കീഴിൽ ജോലി ചെയ്യുന്ന ആശാ വർക്കർമാർക്ക് പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ നിന്നും നൽകി വരുന്ന ഹോണറേറിയം അനുവദിക്കുന്നതിനായി നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ ഒഴിവാക്കിയും നിശ്ചിത ഇൻസെന്റീവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തിയും ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ ആശാ വർക്കർമാർക്ക് ഹോണറേറിയം തുക പൂർണമായും ലഭിക്കുന്നതിനുള്ള തടസം ഒഴിവാക്കുന്നതിന്, ഒരു ആശ ജോലി ചെയ്യുന്ന പ്രദേശത്തിന്റെ പ്രത്യേകത (ഗർഭിണികൾ, കുട്ടികൾ ഇല്ലാതെ ഇരിക്കുക, വളരെ കുറവ് ആയിരിക്കുക തുടങ്ങിയവ) കൊണ്ട് പെർഫോമൻസ് ഇൻസെന്റീവ് ആയ ₹ 500/- രൂപ ലഭിക്കാത്ത സാഹചര്യമുണ്ടെങ്കിൽ ആയത് വ്യക്തമാക്കിക്കൊണ്ട് സാമ്പത്തിക വർഷത്തിന്റ തുടക്കത്തിൽ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ അനുവദിക്കുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ആശാ വർക്കർമാർക്ക് ഹോണറേറിയം പൂർണമായും നൽകുന്നതിന് അനുതി നൽകികൊണ്ട് പരാമർശം (1) ലെ ഉത്തരവ് ഭേദഗതി വരുത്തി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു എന്നാൽ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യണമെന്ന് അഭ്യർത്ഥിച്ച് സർക്കാരിന് പരാമർശം (3) പ്രകാരം അപേക്ഷ ലഭ്യമായിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പുനഃപരിശോധിച്ചു. ആശാ വർക്കർമാർക്ക്

ഹോണറേറിയം തുക പൂർണമായും ലഭിക്കുന്നതിന് പെർഫോമൻസ് ഇൻസെന്റീവിൽ പരാമർശം (1) പ്രകാരം നിശ്ചയിച്ചിരുന്ന ഹോണറേറിയം പൂർണമായും ലഭിക്കുന്നതിന് 500/- രൂപ പെർഫോമൻസ് ഇൻസെന്റീവിൽ ലഭിക്കണം എന്ന വ്യവസ്ഥ ഒഴിവാക്കുന്നതോടൊപ്പം പരാമർശം (2) ഉത്തരവിലെ "സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ അനുവദിക്കുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ആശാവർക്കർമാർക്ക് ഓണറേറിയം തുക പൂർണമായും ലഭ്യമാക്കണമെന്ന" വ്യവസ്ഥയും ഒഴിവാക്കി ഉത്തരവാകുന്നു.

3. പരാമർശം (1) , (2) ഉത്തരവുകൾ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപാ സുരേന്ദ്രൻ
അഡീഷണൽ സെക്രട്ടറി

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയാ) വകുപ്പ്
ധനകാര്യ വകുപ്പ്.
തദ്ദേശ സ്വയം ഭരണ വകുപ്പ് .
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (FW1/157/2022-HEALTH)

ഉത്തരവിൻ പ്രകാരം,
Digitally signed by
Deepu Bhaskar
Date: 04-08-2026
15:43:29
സെക്ഷൻ ഓഫീസർ